5898/18

# വകുപ്പുതല കണക്കു പരിശോധനാ റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ്
## ഒല്ലൂക്കര

| | | |
|---|---|---|
| പരിശോധനാ തീയതി | : | 16.01.2018 മുതൽ 19.01.2018 വരെ |
| പരിശോധനാ കാലയളവ് | : | 01.04.2012 മുതൽ 31.03.2016 വരെ |
| പരിശോധനാ വിഭാഗം | : | ഫിനാൻസ് ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധനാ ടീമിൽ പങ്കെടുത്തവർ | : | 1. കെ.കെ. പ്രസാദ് (സീനിയർ സൂപ്രണ്ട്)<br>2. ബി.കെ. ഗോപകുമാർ (സീനിയർ ക്ളാർക്ക്) |

### പരിശോധനാ കാലയളവിൽ ജോലി നോക്കിയിരുന്ന ഉദ്യോഗസ്ഥർ

### ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ

| | | | |
|---|---|---|---|
| 1. | ശ്രീ. കെ.എൻ. ശശിധരൻ | : | 01-04-2012 മുതൽ 02.12.2015 വരെ |
| | ശ്രീ. മണികണ്ഠൻ. കെ. (ic) | : | 09-12-2015 മുതൽ 04-01-2016 വരെ |
| 2. | ശ്രീ. വിൽസൺ മാത്തൻ | : | 04.01.2016 മുതൽ 30-07-2016 വരെ |

ആമുഖം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.

1. അക്കൗണ്ടന്റ് ജനറലിന്റെ മുൻ പരിശോധനയിൽ ശേഷിക്കുന്ന ഖണ്ഡികകൾ

   1. OA(HQ)II/IV/12-583/10-11- Part.II-BI
   2. OA(HQ)II/IV/12-179/13-14-Part.II –BII
   3. OA(HQ)II/IV/12-155/14-15-Part.II-BI &II

1. ടി ഖണ്ഡികകൾക്കുള്ള മറുപടി 16.02.2016 ന് ഏ.ജി. ക്ക് നൽകിയതായി ക്കാണുന്നു. മറുപടി അംഗീകരിച്ച് ഖണ്ഡികകൾ തീർപ്പാക്കിയതു സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

2. 1-10-2014 മുതൽ 30-09-2015 വരെയുള്ള കാലയളവിലെ പരിശോധന ഏ.ജി നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ പരിശോധനാ കുറിപ്പിൻമേലുള്ള മറുപടി ഏ.ജി ക്ക് നൽകിയതായിക്കാണുന്നു (scd-305/115 തീയതി16-02-2016). മറുപടി അംഗീകരിച്ച് ഖണ്ഡികകൾ തീർപ്പാക്കിയതു സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ഏ.ജി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും മറുപടി അംഗീകരിക്കാത്ത ഖണ്ഡികകൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

**(ബി) <u>വകുപ്പുതല പരിശോധന</u>**

01-04-2009 മുതൽ 31-03-2012 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ വകുപ്പുതല പരിശോധനാ (ഫിൻ ഇ) വിഭാഗം നടത്തിയിട്ടുണ്ട്. ഇതിൻമേലുള്ള പരിശോധനാ റിപ്പോർട്ട് 30-04-2014 ൽ (ഫിൻ ബി2.5878/13) ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇതിൻമേലുള്ള പ്രാഥമിക മറുപടി 02-05-2014 ന് അയച്ചതായും മറുപടി അംഗീകരിച്ച് ഭൂരിഭാഗം ഖണ്ഡികകളും ഒഴിവാക്കിയിട്ടുമുണ്ട്. ശേഷിക്കുന്ന ഖണ്ഡികകൾ സംബന്ധിച്ച മറുപടി scd-08/16 തീയതി 15-02-2016 നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടി സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

## <u>പാർട്ട് II</u>

## <u>ക്യാഷ് ബുക്കും അനുബന്ധ രേഖകളും</u>

**1. <u>ബിൽബുക്കും ക്യാഷ് ബുക്കും</u>**

ക്യാഷ് ബുക്കുകളിൽ ധാരാളം പേജുകൾ റദ്ദു ചെയ്തിട്ടുള്ളതൊഴിച്ചാൽ കുറ്റമറ്റ രീതിയിൽ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടുള്ളതായി കാണുന്നു. ശ്രദ്ധയിൽപ്പെട്ട ചില ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(എ) ക്യാഷ് ബുക്ക് വാല്യം VII പേജ് നമ്പർ 85 റദ്ദുചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ബി) 2014-15 വർഷത്തെ ബിൽബുക്കിലെ 8 മുതലുള്ള പേജുകളിൽ ഓരോന്നിലും ഓഫീസറുടെ ഡെസിഗ്നേഷൻ, ഓഫീസിന്റെ പേര്, ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തി ക്കാണുന്നില്ല.

(സി) ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന ചില പദ്ധതികൾക്കുള്ള തുകകൾ - മറ്റൊരു ബിൽ ബുക്ക് പ്രകാരം മാറിയത് ഓഫീസ് ക്യാഷ് ബുക്കിൽ വരവു ചെലവു രേഖപ്പെടുത്തിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. LSG Bill.No. 01/14-15 1,25,000/-c/o 10-03-2015.

2. LSG Bill.No. 02/14-15 30,000/-c/o 28-03-2015.

ടി തുകകൾ ഓഫീസ് ക്യാഷ് ബുക്കിൽ വരവു ചെലവു രേഖപ്പെടുത്താനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

(ഡി) ക്യാഷ് ബുക്ക് വാല്യം VIII ലെ 52 മുതൽ 99 വരെയുള്ള പേജുകളിലും ക്യാഷ് ബുക്ക് വാല്യം IX ലെ ഓരോ പേജിലും ഓഫീസിന്റെ പേര്, ഏതു മാസത്തെ ട്രൻസാക്ഷൻ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(ഇ) പരിശോധനാ കാലയളവിലെ ഓരോ സാമ്പത്തിക വർഷാന്ത്യത്തിലേയും ക്യാഷ് ബാലൻസ് വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| (1) | 31-03-2013 | - | 2,41,455/- |
| (2) | 31-03-2014 | - | 4,41,982/- |
| (3) | 31-03-2015 | - | 7,65,268/- |
| (4) | 31-03-2016 | - | 2,62,500/- |

പരിശോധനാ തീയതിയായ 16-01-2018 ലെ നീക്കിയിരുപ്പുതുക NIL ആണ്.

## 2. TR-5 രസീത് ബുക്ക്.

(എ) പഴയമാതൃകയിലുള്ള TR-5 രസീത് ബുക്ക് നം. 1 ൽ രസീത് നമ്പർ 1 മുതൽ 66 വരെ ഉപയോഗിച്ചിട്ടുണ്ട്. (14-03-01 മുതൽ 30-06-2003 വരെയുള്ള കാലയളവിൽ) 67 മുതൽ 100 വരെയുള്ള ഉപയോഗിക്കാത്ത രസീതുകളുടെ ഒർജിനലും ഡ്യൂപ്ലിക്കേറ്റുകളും റദ്ദുചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ (TR-5 രസീത് ബുക്കുകളുടെ) പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഇത്തരം കൂടുതൽ ബുക്കുകൾ ഉണ്ടോയെന്ന് വ്യക്തമല്ല.

(ബി) സ്റ്റോക്ക് രജിസ്റ്റർ (TR-5 രസീത് ബുക്കുകളുടെ) പരിപാലിച്ചിട്ടില്ലാത്തപക്ഷം ആയത് പരിപാലിക്കേണ്ടതും റദ്ദുചെയ്ത രസീതുകളുടെ വിവരം ബന്ധപ്പെട്ട സർക്കാർ ഉത്തരവ് നമ്പരും തീയതിയും സഹിതം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതുമാണ്.

(സി) ഈ ഓഫീസിൽ Centralized Numbering System പ്രകാരമുള്ള TR-V രസീത് ബുക്ക് പരിപാലിച്ചു വരുന്നില്ല. ആവശ്യമുള്ളപക്ഷം Centralized Numbering System പ്രകാരമുള്ള TR-V രസീത് ബുക്ക് ലഭ്യമാക്കി അതിന്റെ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിപാലിച്ചുപയോഗിക്കാവുന്നതാണ്.

## 3. സി.ആർ.ഡി.ആർ:

പരിശോധനാ കാലയളവിൽ (28-01-2014 മുതൽ11-03-2016 വരെ) സി.ആർ.ഡി.ആർ പരിപാലിച്ചിട്ടുള്ളതായും. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും മറ്റും പണമായും ചെക്കായും ലഭിച്ച തുകകൾ സി.ആർ.ഡി.ആർ -ൽ രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. എന്നാൽ അതിൽ ഇരു ഓഫീസർമാരും സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. വിശദീകരണം നല്കേണ്ടതും ന്യൂനത പരിഹരിക്കേണ്ടതുമാണ്.

ജില്ലാ പട്ടികജാതിവികസന ഓഫീസിൽനിന്നും ലഭിച്ച ചുവടെ പറയുന്ന തുകകൾ സി.ആർ.ഡി.ആർ പരിപാലിച്ച് അതിൽ ചേർത്തതായി കാണുന്നില്ല. അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം നല്കേണ്ടതും ന്യൂനത പരിഹരിക്കേണ്ടതുമാണ്.

| ചെക്കുകൾ ക്യാഷ് ബുക്കിൽ വരവ് ചേർത്ത തീയതി | ചെക്ക്.നം. തീയതി | തുക |
|---|---|---|
| 08-08-2012 | 2685364, 03-08 2012 | 1,43,000/- |
| 05-12-2012 | 2685384, 27-11 2012 | 49,000/- |
| 22-12-2012 | 2685396, 11-12-2012 | 15,000/- |
| 07-02-2013 | 2296713, 23-01 2013 | 20,000/- |
| 22-03-2013 | 2296744, 19-03 2013 | 1,63.000/- |
| 11-04-2013 | 2296756, 27-03 2013 | 8,000/- |
| 14-05-2013 | 2296771, 29-04 2013 | 86,000/- |
| 11-09-2013 | 2257907, 27-08 2013 | 2,00,000/- |
| 25-10-2013 | 2257524, 30-09-2013 | 85,000/- |
| 09-12-2013 | 2557948, 19-11-2013 | 35,000/- |

## 4. ചെല്ലാൻ ഫയൽ

ഈ ഓഫീസിൽ ചെല്ലാൻ ഫയൽ പരിപാലിച്ചിട്ടില്ല. 2003-04 മുതലുള്ള ചെല്ലാനുകൾ ഒരു രജിസ്റ്ററിൽ ഒട്ടിച്ചുവച്ച നിലയിലാണ്. 31-03-2008 ന് ശേഷം Index രേഖപ്പെടുത്തിക്കാണുന്നില്ല. വിശദീകരണം നല്കേണ്ടതാണ്.

## 5. അക്വിറ്റൻസ് (സ്റ്റാഫ്)

പരിശോധനാ കാലയളവിൽ ഈ രജിസ്റ്റർ നല്ല നിലയിൽ പരിപാലിച്ചു കാണുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

## 6. അക്വിറ്റൻസ് (എസ്.സി പ്രമോട്ടർമാർ)

(എ) 10-05-2007 മുതൽ 11-12-2013 വരെയുള്ള അക്വിറ്റൻസ് പരിശോധനയ്ക്ക് ലഭിച്ചു. തുടർന്നുള്ള കാലയളവിലെ അക്വിറ്റൻസ് പരിശോധനയ്ക്ക് ലഭിച്ചില്ല. കാഷൽ സ്വീപ്പറുടെ വേതനം, അപ്രന്റിസ് ക്ലാർക്കിന്റെ വേതനം തുടങ്ങിയവയും ഈ രജിസ്റ്റർ വഴിയാണ് നൽകിയിരുന്നത്. 11-12-2013 ന് ശേഷമുള്ള അക്വിറ്റൻസ് കണ്ടെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും അടുത്ത പരിശോധനയ്ക്ക് അയത് ഹാജരാക്കേണ്ടതുമാണ്.

**7. ഡി.ഡി രജിസ്റ്റർ**

14-01-2016 ന് ശേഷം ഈ രജിസ്റ്ററിൽ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിക്കാണുന്നില്ല. ഡി.ഡി. കൾ ഓരോന്നും വിതരണം ചെയ്ത വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

**9. അക്വിറ്റൻസ് (വിവിധ പദ്ധതി ആനുകൂല്യ വിതരണം)**

(എ) ഈ രജിസ്റ്ററിൽ പേജ് നമ്പർ 119, 120 എന്നിവയിലായി ശ്രീ. അയ്യൻകാളി ടാലന്റ് സെർച്ച് ഡവലപ്മെന്റ് സ്കീം പ്രകാരമുള്ള ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ വിതരണം നടത്തിയ തുകകൾ കൂട്ടിയെഴുതിയിട്ടില്ല. ബിൽ സംബന്ധമായ വിവരങ്ങൾ (ബിൽ നമ്പർ, തുക, തീയതി) വിതരണ സംക്ഷിപ്തം എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമണ്.

(ബി) മറ്റ് ബില്ലുകൾ പ്രകാരമുള്ള തുകകളുടേയും ഡി.ഡി കളുടേയും വിതരണം സംബന്ധമായ വിവരങ്ങൾ (ബിൽ നമ്പർ, തുക, തീയതി) വിതരണ സംക്ഷിപ്തം എന്നിവ എഴുതി സാക്ഷ്യപ്പെടുത്തലുകൾ വരുത്തി നല്ലരീതിയിൽ പരിപാലിച്ചു കാണുന്നു.

**10. പണംപറ്റ് രസീതുകൾ**

രസീതുകളിൽ ഭൂരിഭാഗത്തിലും തുക നല്കിയ വിവരം എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**11. അക്വിറ്റൻസ് (ലംപ്സം ഗ്രാന്റ് & പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്)**

ഈ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ലംപ്സംഗ്രാന്റ് വിതരണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ചില ന്യൂനതകൾ.

(എ) ചുവടെ പറയുന്ന ബിൽ പ്രകാരമുള്ള തുകയിൽ ക്രമനമ്പർ 16 AUPS Kannara 19,000/- രൂപയുടെ ഡി.ഡി. (നം. 981544 തീയതി-31/05/2012) 05-06-2012 ന് കൈമാറിയതിന്റെ രസീത് പരിശോധനക്ക് ലഭിച്ചില്ല. ആയത് കണ്ടെടുത്ത് പകർപ്പ് അയച്ചുതരേണ്ടതാണ്.

(ബി) ബന്ധപ്പെട്ട അകിറ്റൻസ് രജിസ്റ്ററും രസീതുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. എന്നാൽ 2014-15, 2015-16 വർഷങ്ങളിലെ രസീതുകളിൽ പേ ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**12. അകിറ്റൻസ്-ചികിത്സാ ധനസഹായം**

30-03-2016 വരെയുള്ള അകിറ്റൻസിലെ പേജ് നമ്പർ 5 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിതരണ സംക്ഷിപ്തം ശരിയല്ലെന്നു കാണുന്നു. 30-03-2016 ന് 5,65,000/- രൂപ വിതരണമുള്ളപ്പോൾ 5,85,000/- രൂപ വിതരണം ചെയ്തതായും 31-03-16 ന് 11,90,000/- രൂപ വിതരണമുള്ളപ്പോൾ 12,75,000/- രൂപ വിതരണം ചെയ്തതായും എഴുതിയിരിക്കുന്നു. വ്യക്തമായി പരിശോധിച്ച് വിതരണ സംക്ഷിപ്തം ശരിയായി രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേതാണ്.

**13. TSB അക്കൗണ്ടുകൾ.**

ട്രഷറി കണക്കുകളുമായി ഒത്തുനോക്കി നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പാർട്ട് III

## വിവിധ പദ്ധതികൾ സംബന്ധിച്ച്

**1. മിശ്രവിവാഹ ധനസഹായം-**

2012-13 വർഷം മുതൽ 2015-16 വർഷം വരെ മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2012-13 | 12 | 600000/- |
| 2013-14 | 14 | 700000/- |
| 2014-15 | 11 | 550000/- |
| 2015-16 | 12 | 600000/- |

2. മിശ്രവിവാഹ ധനസഹായ രജിസ്റ്റർ പരിപാലിക്കുന്നതിൽ മാതൃകാപരമായ ശ്രദ്ധ ഈ കാലയളവിൽ ചെലുത്തിയിട്ടുള്ളതായി കാണുന്നു. (മിശ്രവിവാഹിതരായ ദമ്പതിമാരുടെ ഒരുമിച്ചുള്ള പാസ്പോർട്ട്സൈസ് ഫോട്ടോ രജിസ്റ്ററിൽ പതിക്കുകയും അപേക്ഷകരുടെ വിവരം നിശ്ചിത മാതൃകയിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി - ഓഫീസർ ഒപ്പിട്ട് - പരിപാലിച്ചിട്ടുണ്ട്). 12-13 സാമ്പത്തിക വർഷം 12 അപേക്ഷകളും അനുബന്ധരേഖകളും, 13-14 സാമ്പത്തികവർഷം 14 അപേക്ഷകളും അനുബന്ധരേഖകളും, 14-15 സാമ്പത്തികവർഷം 11 അപേക്ഷകളും അനുബന്ധരേഖകളും, 15-16 സാമ്പത്തികവർഷം 12 അപേക്ഷകളും അനുബന്ധ രേഖകളും ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

3. മിശ്രവിവാഹ ധനസഹായം അനുവദിക്കപ്പെട്ട ദമ്പതിമാരുടെ പേരിൽ നിശ്ചിത വിലയ്ക്കുള്ള മുദ്രപ്പത്രത്തിൽ ക്രമപ്രകാരമുള്ള എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ട്. ഈ എഗ്രിമെന്റിൽ 2 സാക്ഷികൾ ഒപ്പിടണമെന്നിരിക്കെ അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. രജിസ്റ്റർ പേജ് നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ധാരാളം വിവാഹ സർട്ടിഫിക്കറ്റുകൾ (ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി. (2012-13 ലെ 7 ദമ്പതിമാരുടെ വിവാഹ സർട്ടിഫിക്കറ്റുകളും, 2013-14 ലെ 11 ദമ്പതിമാരുടെ വിവാഹ സർട്ടിഫിക്കറ്റുകളും, 2014-15 ലെ 8 ദമ്പതിമാരുടെ വിവാഹ സർട്ടിഫിക്കറ്റുകളും, 2015-16 ലെ 12 ദമ്പതിമാരുടെ വിവാഹ സർട്ടിഫിക്കറ്റുകളും) ഇവ മടക്കി നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ധനസഹായം അനുവദിക്കപ്പെട്ട ചില ഗുണഭോക്താക്കൾ സെക്കന്റ് ഹാൻഡ് ഓട്ടോറിക്ഷ വാങ്ങിയിട്ടുണ്ട്. എന്നാൽ വണ്ടിയുടെ രജിസ്ട്രേഷൻ ചുവടെ പറയുന്ന ഗുണഭോക്താക്കൾ സ്വന്തം പേരിൽ ആക്കിയതായി കാണുന്നില്ല.

(എ) അനിൽകുമാർ. കെ.എൻ & അനൂഷ. ടി.കെ. (2013-14)

(ബി) സന്ദീപ്. പി.ജി & ജ്യോതി. പി.കെ (2014-15)

(സി) സനീഷ & ശ്രീകല (2014-15)

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. നാലുവർഷത്തേയും യു.സി. അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

## 2. വിവാഹധനസഹായം

2012-13 വർഷം മുതൽ 2015-16 വർഷം വരെ വിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2012-13 | 13 | 350000/- (10 X 20000, 3 X 50000) |
| 2013-14 | 59 | 2950000/- (29 X 50000) |
| 2014-15 | 30 | 1540000/- (30 X 50000, 2 X 20000) |
| 2015-16 | 48 | 2400000/- (48 X 50000) |

1. അപേക്ഷകളും അനുബന്ധ രേഖകളും, ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ശ്രദ്ധയോടെ രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ആനുകൂല്യം ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ പതിക്കുന്നതിൽ ഒരുകാരണവശാലും വീഴ്ച വരുത്തരുത്.

2. ധാരാളം വിവാഹ സർട്ടിഫിക്കറ്റുകൾ (ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി. ഇവ മടക്കി നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. നാലു വർഷത്തേയും യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

4. രജിസ്റ്റർ പേജ് നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3. ഭൂരഹിത പുനരധിവാസ പദ്ധതി

1. 2012-13 വർഷം മുതൽ 2015-16 വർഷംവരെ ഭൂരഹിത പുനരധിവാസപദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2012-13 | 66 | 99,00,000/- (66 X 150000) |
| 2013-14 | 39 | 58,50,000/- (39 X 150000) |
| 2014-15 | 19 | 71,25,000/- (19 X 3,75,000) |
| 2015-16 | 13 | 48,75,000/- (13 X 3,75,000) |

2. ഓരോ വർഷവും ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും (രജിസ്റ്ററിലെ ക്രമ നംമ്പർ രേഖപ്പെടുത്തി) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ജില്ലാ ഓഫീസിൽ നിന്നും മറ്റ് ഓഫീസുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. യു.സി. അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പേജ് നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. ധാരാളം ആധാരങ്ങൾ തിരികെ നൽകാതെ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. അനുവദിച്ചു നൽകിയ സ്ഥലം ഗുണഭോക്താവിന്റെ പേരിൽകൂടി കരമടച്ചു കഴിഞ്ഞാൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4. ഭവന നിർമ്മാണ ധനസഹായം

1. 2007-08 മുതൽ 2016-17 വരെയുള്ള .ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാനുള്ള ഭവനങ്ങൾ | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 60 | 56 | 4 | 1 | 1 | 2 |
| 2008-09 | 108 | 105 | 3 | 2 | 1 | - |
| 2009-10 | 80 | 73 | 7 | 3 | 3 | 1 |
| 2010-11 | 20 | 15 | 5 | 1 | 2 | 2 |
| 2011-12 | 16 | 11 | 5 | 2 | 1 | 2 |
| 2012-13 | 20 | 15 | 5 | 1 | 3 | 1 |
| 2013-14 | 36 | 26 | 10 | -- | 8 | 2 |
| 2014-15 | 19 | 14 | 5 | 1 | 4 | -- |
| 2015-16 | 18 | 13 | 5 | -- | 3 | 2 |
| 2016-17 | 65 | 30 | 35 | 22 | 11 | 2 |
| **ആകെ** | **434** | **358** | **84** | **33** | **37** | **14** |

2. 2007-08 വർഷം മുതൽ 2016-17 വർഷം വരെ അനുവദിച്ച 434 വീടുകളിൽ 358 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട് (82.48%). പൂർത്തിയാക്കാനുള്ള വീടുകൾക്ക് മൂന്ന് ലക്ഷത്തിന് ആനുപാതികമായി ശേഷിക്കുന്ന ഗഡുക്കൾ നൽകാൻ ഉത്തരവുണ്ടായിട്ടും വേണ്ടത്ര പ്രതികരണം ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇപ്പോഴും ഒന്നാം ഗഡുവിൽ നിൽക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് മെമ്പർമാരേയും ഈ വിഷയത്തിൽ ബന്ധപ്പെടുത്താവുന്നതാണ്.

3. അപേക്ഷകളും അനുബന്ധരേഖകളും, ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പേജ് നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

5. 2015-16 വർഷം ദുർബ്ബല വിഭാഗത്തിൽപ്പെട്ട 4 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇവർ 4 പേരും പണി പൂർത്തിയാക്കിയിട്ടുണ്ട്.

## 5. ഭവന പുനരുദ്ധാരണ പദ്ധതി.

1. 2013-14 വർഷം മുതൽ 2015-16 വരെ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | 27 | 26 | 1 |
| 2014-15 | 33 | 31 | 2 |
| 2015-16 | 28 | 27 | 1 |

2. 2013-14 വർഷം മുതൽ 2015-16 വരെ ഭവന പുനരുദ്ധാരണ ധനസഹായം കൈപ്പറ്റിയവരിൽ നിർമ്മാണം പൂർത്തിയാക്കാനുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

(എ) ദേവദാസ്, തെക്കേമഠത്തിൽ വീട്, വരിക്കുംകുന്ന് എസ്.സി കോളനി, ആശാരിക്കാട്. (2013-14)

(ബി) ശ്രീമതി. കാർത്യായനി, തോരക്കാട്ടിൽവീട്, കുറിച്ചിക്കര. പി.ഒ. താന്നിക്കുളം (ടിയാൾ ഒന്നാംഗഡു തിരിച്ചടച്ചിട്ടുണ്ട്) (2014-15)

(സി) ശ്രീമതി. കാർത്യായനി, കിഴക്കൂടൻവീട്, പൊന്നൂക്കര.പി.ഒ (2014-15)

(ഡി) ശ്രീമതി. കുഞ്ഞിപ്പെണ്ണ്, കുളത്തുപ്പറമ്പിൽ വീട്, കുറിച്ചിക്കര (2015-16).

3. 2014-15 വർഷം 31 പേർ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും 29 പേരുടെ യു.സി. മാത്രമേ അയച്ചിട്ടുള്ളു. ഈ ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

4. രജിസ്റ്റർ നല്ല നിലയിൽ പരിപാലിക്കുന്നുണ്ട്. ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ എല്ലാ കോളങ്ങളും പൂരിപ്പിച്ച് ഓഫീസർ ഒപ്പിട്ട് സൂക്ഷിക്കുന്നു. അപേക്ഷകളും അനുബന്ധരേഖകളും നല്ല നിലയിൽ സൂക്ഷിക്കുന്നുണ്ട്.

## 6. ചികിത്സാ ധനസഹായം

1. ചികിൽസാധനസഹായം അനുവദിക്കുന്നതിനുള്ള അലോട്ട്മെന്റ് ജില്ലാ ഓഫീസർ നൽകുകയും ടി തുക ഓഫീസറുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചികിൽസാ ധനസഹായം അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് ചെക്ക് മുഖേന തുക നൽകുകയുമാണ് 2012-13 വർഷം മുതൽ 2015-16 വർഷം വരെ ചെയ്തിരുന്നത്. 2012-13 വർഷം മുതൽ 2015-16 വർഷംവരെ ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2012-13 | 30 | 3,98,000/- |
| 2013-14 | 26 | 4,36,000/- |
| 2014-15 | 40 | 8,87,000/- |
| 2015-16 | 259 | 59,41,000/- |

2. യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

3. ചികിൽസാ ധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. എന്നാൽ അകിറ്റൻസ് നല്ല നിലയിൽ പരിപാലിക്കുന്നുണ്ട്. ഓരോ ബിൽ പ്രകാരമുള്ള payment ന് ശേഷം abstact എഴുതുന്നുണ്ട്. അപേക്ഷകളും അനുബന്ധ രേഖകളും നല്ല നിലയിൽ സൂക്ഷിക്കുന്നുണ്ട്.

## 7. സ്വയം തൊഴിൽ ധന സഹായ പദ്ധതി:

13-14 ൽ സ്വയം തൊഴിൽ ധന സഹായ സബ്സിഡി നൽകിയിട്ടില്ലെന്നു കാണുന്നു. 2012-13 വർഷം ഒരു ഗുണഭോക്താവിന് 45455/- യും 2014-15 ൽ നാല് ഒരു ഗുണഭോക്താക്കൾക്ക് 296334/- രൂപയും 15-16 ൽ ഒരു ഗുണഭോക്താവിന് 60000/- രൂപയും സബ്സിഡി നൽകിയിട്ടുള്ളതായി കാണുന്നു. യു.സി അയച്ച വിവരം എസ്.സി.ഡി.ഒ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ ടി വിവരം ലഭ്യമല്ല. യുസി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 8. ലംപ്സം ഗ്രാന്റ് വിതരണം

2012-13 മുതൽ 2015-16 വർഷം വരെയുള്ള ലംപ്സം ഗ്രാന്റ് വിതരണ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെഎണ്ണം (പട്ടികജാതി) | അനുവദിച്ച തുക | തിരിച്ചടച്ച തുക | കുട്ടികളുടെ എണ്ണം (മറ്റർഹ സമുദായം) | അനുവദിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|---|---|---|
| 2012-13 | 1334 (750B+554G) | 656875/- | 64625 | 194 (110B+84G) | 106250/- | 1625/- |
| 2013-14 | 1352 (762B+590G) | 656875/- | 64625 | 206 (115B+91G) | 110525/- | 10875/- |
| 2014-15 | 1195 (667B+528G) | 633000/- | 50250 | 178 (101B+77G) | 104150/- | 15750/- |
| 205-16 | 1168 (638B+530G) | 606675/- | 40000 | ഇല്ല | -- | -- |

2004-05 ൽ ആരംഭിച്ച രജിസ്റ്ററിലാണ് 2015-16 വരെയുള്ള എൻട്രികൾ വരുത്തിയിട്ടുള്ളത്. രജിസ്റ്റർ പരിപാലിക്കുന്നതിൽ വളരെ ശ്രദ്ധ ഈ കാലയളവിൽ ചെലുത്തിയിട്ടുള്ളതായി കാണുന്നു. രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. തിരിച്ചടച്ച തുകകളുടെ ചെല്ലാൻ നമ്പർ തീയതി എന്നിവ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. എല്ലാ എൻട്രികളും ഓഫീസർ ഒപ്പിട്ടിട്ടുണ്ട്. അക്വിറ്റൻസ് സ്കൂളുകളിൽ നിന്ന് വാങ്ങി ക്രമമായി സുക്ഷിച്ചിട്ടുണ്ട്. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

## 9. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.

2014-15, 2015-16 വർഷങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 399 (217B+182G) | 7,98,000/- |
| 2015-16 | 398 (216B+182G) | 7,96,000/- |

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. ലംപ്സംഗ്രാന്റ് രജിസ്റ്ററിൽ തന്നെയാണ് ഇതിന്റേയും എൻട്രികൾ രേഖപ്പെടുത്തുന്നത്. അക്വിറ്റൻസും അതോടൊപ്പം സാധനങ്ങൾ വാങ്ങിയ ബില്ല് എന്നിവയും സ്കൂളുകളിൽനിന്നും വാങ്ങി ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. രണ്ട് വർഷത്തേയും യു.സി. അയച്ചതിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

## 10. പാരലൽ കോളേജ്എഡ്യൂക്കേഷൻ എയ്ഡ്

1. 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയ വിദ്യാർത്ഥികളുടെ വിവരം, അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | S.C | O.E.C | S.C | O.E.C |
| 2012-13 | -- | 5 | -- | 19030/- |
| 2013-14 | 11 | 3 | 63079/- | 17220/- |
| 2014-15 | 14 | 3 | 79592/- | 18104/- |
| 2015-16 | 1 | -- | 6112/- | -- |

പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കാൻ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. അക്വിറ്റൻസ് നല്ല രീതിയിൽ പരിപാലിക്കുന്നുണ്ട് എങ്കിലും പേജ് നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ തുകകൾ ഒന്നും തിരിച്ചടച്ചതായി കാണുന്നില്ല. ആനുകൂല്യം അനുവദിച്ച ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഉത്തരവുകൾ, അപേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. നാലുവർഷത്തേയും യു.സി. അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

## 11. പ്രത്യേക പ്രോത്സാഹന സമ്മാനം

2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2012-13 | 26 | 26,500/- |
| 2013-14 | 30 | 32,000/- |
| 2014-15 | 53 | 1,21,000/- |
| 2015-16 | 25 | 64,000/- |

അപേക്ഷകളും അനുബന്ധ രേഖകളും നല്ല നിലയിൽ സൂക്ഷിക്കുന്നുണ്ട്. നാലുവർഷത്തേയും യു.സി. അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങളില്ല

## 12. ശ്രീ. അയ്യൻകാളി ടാലന്റ് സെർച്ച് ഡവലപ്മെന്റ് സ്കീം.

2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2012-13 | 13 | 58,500/- |
| 2013-14 | 12 | 54,00/- |
| 2014-15 | 9 | 40,500/- |
| 2015-16 | 11 | 46,875/- |

15-16 ൽ 10 കുട്ടികൾക്ക് 4500/- രൂപ വീതവും ഒരാൾക്ക് 1875/- രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ നല്ല രീതിയിൽ പരിപാലിക്കുന്നു. ഈ രജിസ്റ്റർ തന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. അക്വിറ്റൻസിൽ തീയതിവച്ച് ഒപ്പിടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ സ്കീമിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതും എസ്.സി പ്രമോട്ടർമാർ കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി പഠനനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. 4 വർഷത്തേയും യു.സി. അയച്ചിട്ടുള്ളതായി കാണുന്നു.

## പാർട്ട് III

## മറ്റ് രജിസ്റ്ററുകൾ

### 1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിശോധനാ സമയത്ത് (16-01-2018) 67/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു. ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസന്തോറും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നുണ്ട്. എന്നാൽ ദ്വൈവാര ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 2. ഫർണിച്ചർരജിസ്റ്റർ

14-09-2000 മുതലുള്ള ഫർണിച്ചർ രജിസ്റ്ററാണ് ഈ ഓഫീസിൽ പരിപാലിച്ചുവരുന്നത്. ഈ രജിസ്റ്റർ കാലപ്പഴക്കംകൊണ്ട് ജീർണിച്ചതാണ്. അതിനാൽ ടി രജിസ്റ്ററിലെ വിവരങ്ങൾ പുതിയ രജിസ്റ്റർ ആരംഭിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. രേഖപ്പെടുത്തലുകൾ തീയതിവച്ച് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക പരിശോധനടത്തുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## 3. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്. എന്നാൽ ഈ ഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ - ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച് - രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

## 4. SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.

സ.ഉ(അച്ചടി) 86/2010 തീയതി 28/07/2010 പ്രകാരം SC പ്രമോട്ടേഴ്സ് വർക്ക് ഡയറി നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. വർക്ക് ഡയറി വെള്ള പേപ്പറിൽ എഴുതി സൂക്ഷിക്കുന്ന രീതി മാറ്റി 200 പേജ് ബുക്കിൽ എഴുതി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

## പാർട്ട് IV ഇതര പദ്ധതികൾ

## 1. SH Group (സ്വയം സഹായ സംഘങ്ങൾക്കുള്ള സബ്സിഡി)

2014-15 ൽ ഒല്ലൂക്കര ബ്ലോക്കിലെ പാണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ആശാരിക്കാട് പ്രവർത്തിക്കുന്ന റൺബോയ്സ് പുരുഷ സ്വയം സഹായ സംഘത്തിന് പശു വളർത്തലിന് പ്രോജക്ട് തുകയായ 15,00,000/- രൂപയുടെ ആദ്യ ഗഡുവായി 5,00,000/- രൂപ നല്കിയിട്ടുള്ളതായും 2015-16 ൽ രണ്ടാം ഗഡുവായി 5,00,000/- രൂപയും നല്കിയിട്ടുള്ളതായും കാണുന്നു. സംഘം പാട്ടത്തിനെടുത്ത 30 സെന്റ് സ്ഥലത്ത് 800 സ്ക്വയർ ഫീറ്റിൽ താഴെയുള്ള ഒരു പശുത്തൊഴുത്തും ഓഫീസ് മുറിയുമുണ്ട്. 10 പശുക്കളെ വാങ്ങി പാലുൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിരുന്നത്. എസ്.സി.ഡി.ഒ. യുടെ റിപ്പോർട്ട് പ്രകാരം ഒരു പശു അസുഖം ബാധിച്ച് ചത്തുപോയതായും 9 പശുക്കളും 2 കിടാരികളും ഉള്ളതായും അറിയുന്നു. നിലവിൽ സംഘം ലാഭത്തിലല്ല പ്രവർത്തിക്കുന്നത് എന്നറിയുന്നു.

വളരെയേറെ വിജയ സാദ്ധ്യതയുള്ള ഒരു സംരംഭമാണ് കൗ ഫാം. ഇത്രത്തോളംപോലും കറവപ്പശുക്കൾ ഇല്ലാത്ത സ്വകാര്യ ഫാമുകൾ പലതും വലിയ ലാഭത്തിൽ പ്രവർത്തിക്കുന്ന ഉദാഹരണങ്ങൾ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയം ഗൗരവത്തോടെ നോക്കിക്കാണുകയും സംഘം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് പരിഹാരം കാണാൻ ബ്ലോക്ക് പഞ്ചായത്തിന്റേയും ജനപ്രതിനിധികളുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കാൻ എസ്.സി.ഡി.ഒ. ശ്രമിക്കേണ്ടതാണ്.

പട്ടികജാതി വിഭാഗങ്ങളെ സാമ്പത്തികമായി സ്വയം പര്യാപ്തിയിൽ എത്തിക്കുകയെന്ന വളരെ വലിയ ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച സ്വയം സഹായ സംഘങ്ങൾക്കുള്ള സ്വയം തൊഴിൽ സബ്സിഡിയെന്ന ഈ പദ്ധതിയുടെ വിജയം വകുപ്പിന്റെ അഭിമാന പ്രശ്നമായി കണ്ടുകൊണ്ടുള്ള ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുമാണ്.

2. <u>സ്വയം പര്യാപ്ത ഗ്രാമം</u>

2012-13 സാമ്പത്തികവർഷം പുത്തൂർ ഗ്രാമപഞ്ചായത്തിലെ മരത്താക്കര വിശ്വനാഥൻ കോളനി ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏല്പിക്കുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റ് തുകയായ 99,58,175/- രൂപയിൽ 72,27,446/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിക്കുകയും 2017 ൽ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

2013-14 ൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ കള്ളായി കോളനി, നടത്തറ ഗ്രാമപഞ്ചായത്തിലെ പൂച്ചട്ടിമുറിയൻകുന്ന് കോളനി എന്നിവയെ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുകയും FIT നിർമ്മാണ പ്രവർത്തനം ഏൽപ്പിക്കുകയും ചെയ്തിരുന്നു. കള്ളായി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒന്നാം ഗഡുമാത്രമാണ് ഏജൻസി കൈപ്പറ്റിയത്. പുത്തൂർ ഗ്രാമപഞ്ചായത്തിലെ മരത്താക്കര വിശ്വനാഥൻ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ പരാജയത്തിനു പ്രധാന കാരണക്കാർ FIT എന്ന നിർമ്മാണ ഏജൻസിയാണെന്ന വസ്തുത ഒരിക്കൽക്കൂടി തെളിയിക്കുന്നതാണ് ഇത്.

<u>പൊതു അഭിപ്രായം</u>

നല്ലരീതിയിൽ ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം മറ്റും ഇവിടെയുണ്ട്. ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായി തോന്നുന്നു. ബ്ലോക്ക്പഞ്ചായത്ത്, ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു. പൊതുവിൽ ഓഫീസ് പ്രവർത്തനം തൃപ്തികരമാണെന്നു കാണുന്നു. ഓഫീസ് രേഖകൾ സൂക്ഷിക്കുന്നതിനും രജിസ്റ്ററുകളും അക്വിറ്റൻസുകളും പരിപാലിക്കുന്നതിലും കുറേക്കൂടി ശുഷ്കാന്തി കാണിക്കേണ്ടതാണെന്നഭിപ്രായപ്പെടുന്നു.

~~ഓഡിറ്റ് റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.~~

(ഒപ്പ്)
ഡയറക്ടർക്കു വേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

പി.എസ്.